## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1233** **10-10-2024 - ൽ മറുപടിയ്ക്ക്**

### മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ നിർമ്മിക്കുന്ന മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | RKI പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.റ്റി.പിയുടെ കീഴിൽ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തിയിൽ റോഡിന്റെ പുനരുദ്ധാരണം മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ജനപ്രതിനിധികളുടെയും മറ്റും താല്പര്യപ്രകാരം റോഡിന് വീതി കൂട്ടണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആയത് പ്രകാരം ഫ്രീ സറണ്ടർ വഴി സ്ഥലം ഏറ്റെടുക്കുന്നത് പ്രവൃത്തിയുടെ കാലതാമസത്തിന് കാരണമായിട്ടുണ്ട്. പിന്നീട് ഫണ്ടിംഗ് ഏജൻസിയായ ജർമ്മൻ ബാങ്കിന്റെ സന്ദർശന വേളയിൽ പുതുതായി സ്ഥലം ഏറ്റെടുക്കണ്ട എന്ന നിർദ്ദേശം വന്നതുമൂലം പിന്നീട് പുതുതായി സ്ഥലം ഏറ്റെടുക്കുന്നതിനോ റോഡ് വീതി കൂട്ടുന്നതിനോ സാധിച്ചിട്ടില്ല. ഇത് പ്രദേശ വാസികളുടെ എതിർപ്പിന് കാരണമായി തുടരുന്നു. |
| (ബി) | പ്രസ്തുത റോഡ് നിർമ്മാണം ഇപ്പോൾ എത്ര ശതമാനം പൂർത്തിയായെന്നും, പ്രവൃത്തി സംബന്ധിച്ച് ലഭിച്ച പരാതികളിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ; | (ബി) | ഈ പ്രവൃത്തിയുടെ 86 ശതമാനം പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. കരയാമ്പറമ്പ് ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, കൾവർട്ടുകളുടെ നിർമ്മാണം, ബി.സി പ്രവൃത്തികൾ എന്നിവ മാത്രമാണ് ഇനി പ്രധാനമായും പൂർത്തീകരിക്കാനുള്ളത്. പ്രവൃത്തിയുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് പരിഹരിക്കാറുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരന് നാളിതുവരെയായി എത്ര രൂപയാണ് നൽകിയതെന്നും, ഇനി എത്ര രൂപ നൽകാനുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | കരാർതുകയായ 91.89 കോടി രൂപയിൽ നാളിതുവരെ കരാറുകാരന് Rs.45,09,88,130/- രൂപ നൽകിയിട്ടുണ്ട്. കെ.എസ്.റ്റി.പിയുടെ 123-ാംമത് സ്റ്റിയറിംഗ് കമ്മിറ്റി പ്രകാരം ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 2024 മാർച്ച് 6-ാം തീയതി വരെയാണ് ദീർഘിപ്പിച്ചു നൽകിയിരുന്നത്. ആയതിനാൽ കരാറുകാരൻ സമർപ്പിച്ച ബില്ലുകളിൽ നിയമപ്രകാരം കുടിശ്ശികയില്ല. |
| (ഡി) | കെ.എസ്.ടി.പി. നിർമ്മാണം നടത്തുന്ന റോഡുകളുടെ പ്രശ്നങ്ങളും പ്രവൃത്തിയുടെ പുരോഗതിയും വിലയിരുത്തുന്നതിനും പരിശോധന നടത്തുന്നതിനും | (ഡി) | ഈ വിഷയത്തിൽ ബഹു.പൊതുമരാമത്ത് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9.7.24 ന് യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ പൊതുമരാമത്ത് വകുപ്പ് |

| | | | |
|---|---|---|---|
| | പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയത് പ്രകാരം പ്രസ്തുത റോഡിന്റെ നിർമ്മാണം സംബന്ധിച്ച പരിശോധന ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | സെക്രട്ടറി ഈ പ്രവർത്തികൾ വിശദമായ അവലോകനം നടത്തുകയുണ്ടായി. |
| (ഇ) | കെ.എസ്.ടി.പി. നിർമ്മാണം നടത്തുന്ന പ്രസ്തുത റോഡിന്റെ നിർമ്മാണ പുരോഗതിയും മറ്റ് പരാതികളും പരിശോധിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ യോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | ഡി പിരിവിലെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ